**അടിയന്തിരം**

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലെപ്പ്മെന്റ്
## പ്രജോ ടവേഴ്സ്, വഴുതക്കാട്
## തിരുവനന്തപുരം - 14

നമ്പർ. ഇബി3/11106/2014/എച്ച്.ആർ.ഡി (2) തീയതി, 06.09.2018

## പരിപത്രം

**വിഷയം: -** ഐ. എച്ച്. ആർ. ഡി - ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലെയ്ക്ക് ഐ. എച്ച്. ആർ. ഡി ജീവനക്കാരുടെ 2017-2018 ലെ പ്രത്യേക ഉൽസവബത്തയും രണ്ടു ദിവസത്തെ ശമ്പളം /സംഭാവനയും നൽകുന്നതു സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**സൂചന: -**
1. 14.08.2018 -ാം തീയതിയിലെ 74/2018/ധന നമ്പർ പരിപത്രം.
2. 21.08.2018 -ാം തീയതിയിലെ 76/2018/ധന നമ്പർ പരിപത്രം.
3. 18.08.2018 തീയതിയിലെയും 21.08.2018 -ാം തീയതിയിലെയും ഇബി3/11106/2014/എച്ച്.ആർ.ഡി നമ്പർ പരിപത്രം

സൂചനയിലെ സർക്കാർ പരിപത്രം പ്രകാരം ഓണകാല ഉൽസവബത്തയിനത്തിൽ അനുവദിച്ച 2750/- രൂപയും രണ്ടു ദിവസത്തെ ശമ്പളം /സംഭാവനയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലെയ്ക്ക് നൽകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഐ. എച്ച്. ആർ. ഡി ജീവനക്കാരിൽ നിന്നും പ്രസ്തുത തുക സമാഹരിച്ച് മടക്കതപാലിൽ ഡയറക്ടറുടെ പേരിൽ ലഭ്യമാക്കണമെന്ന് സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും ഇതുവരെയും ഈ തുക ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ലഭ്യമാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി സമാഹരിച്ച തുക ഡയറക്ടറുടെ പേരിലേയ്ക്ക് അയക്കണമെന്ന് ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഡോ. പി. സുരേഷ് കുമാർ
ഡയറക്ടർ

പകർപ്പ് :-

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. ഫിനാൻസ് ഓഫീസർ
3. സൂപ്രണ്ട് (ഫിനാൻസ് ബി സെക്ഷൻ)
4. കരുതൽ ഫയൽ
5. ഓഫീസ് പകർപ്പ്

*jj... 06.09.2018*

- 419 -

11348/18/HRD

**ഡോ. കെ. ടി. ജലീൽ**
ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷക്ഷേമ,
വഖഫ് & ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

തീയതി............................

03.09.2018

നം. 20/18/M-H.Edn

**ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സർവ്വകലാശാല അധികാരികൾ, ഗവ. എയ്ഡഡ്, സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, എന്നിവരോടുള്ള അഭ്യർത്ഥന**

മലവെള്ളപ്പാച്ചിൽ തീർത്ത ദുരന്തമുഖത്തെ അസമാന്യമായ മനോധൈര്യം കൊണ്ടും അനിതരസാധാരണമായ ഐക്യം കൊണ്ടും നാം അതിജീവിച്ചു. വെള്ളത്തിന്റെ കുത്തൊഴുക്ക് നിലച്ചിരിക്കുന്നു. സമാനതകളില്ലാത്ത പ്രളയം വരുത്തിവെച്ച കെടുതിയുടെ ആഘാതത്തിൽ നിന്ന് കര കയറാൻ ദീർഘകാല അടിസ്ഥാനത്തിലുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ജീവിതസമ്പാദ്യമെല്ലാം നഷ്ടപ്പെട്ട അനേകായിരങ്ങൾ നിത്യവൃത്തിയ്ക്ക് പോലും കഷ്ടപ്പെടുകയാണ്. ഇവരുടെ സമയബന്ധിതമായ പുനരധിവാസത്തിനും, സംസ്ഥാനത്തിന്റെ പുനഃസൃഷ്ടിക്കുമായി 30,000 കോടി രൂപയിലധികം വേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. അന്തിമ വിശകലനത്തിൽ ഇതിലും വലിയ തുക വേണ്ടി വന്നേക്കും.. ദുരന്തത്തിൽ നിന്ന് കര കയറാൻ ലോകത്താകമാനമുള്ള മലയാളികളുടെ സഹായം ഉണ്ടാകണമെന്നുള്ള ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയ്ക്ക് അഭ്രുതപൂർവ്വമായ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ദുരന്തത്തിന്റെ ആഘാതം മറികടക്കാൻ എത്ര സഹായം കിട്ടിയാലും മതിയാവില്ലെന്നതാണ് യാഥാർത്ഥ്യം.

നന്മ നിറഞ്ഞ മനസുകളിൽ നിന്നുമുള്ള സഹായത്തിന്റെ കുത്തൊഴുക്കാണ് ഇനി ഉണ്ടാവേണ്ടത്. ഉന്നതവിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജീവനക്കാർ, മാനേജർമാർ എന്നിവർക്കെല്ലാം ഇക്കാര്യത്തിൽ കാര്യമായ ഇടപെടലുകൾ നടത്താൻ കഴിയും.

ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് നൽകണമെന്ന ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥന സർവ്വകലാശാലകൾ, കോളേജുകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും പൂർണമനസ്സോടെ നടപ്പാക്കുമെന്ന് എനിക്കുറപ്പുണ്ട്. ഇക്കാര്യത്തിൽ സർക്കാർ, എയ്ഡഡ്, സ്വാശ്രയ വേർതിരിവുകൾ ഉണ്ടാകാതെ നോക്കണം. കോളേജ് മാനേജ്മെന്റുകളുടെ ഭാഗത്തു നിന്നും നിർലോഭമായ സഹായം പ്രതീക്ഷിക്കുന്നു. വിദ്യാർത്ഥികളിൽ നിന്നുമുള്ള സംഭാവന നിക്ഷേപിക്കുവാൻ സർവ്വകലാശാല/കോളേജ് അധികാരികൾ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഒന്നിച്ചുനിന്നാൽ നമുക്കെഴുന്നേറ്റു നിൽക്കാം. നമ്മുടെ നാടിന്റെ നിലനിൽപ്പിനും പുനഃസൃഷ്ടിക്കുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

എല്ലാ മനുഷ്യസ്നേഹികളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഡോ.കെ.ടി.ജലീൽ

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്-I
തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181
*'ഗംഗ'. കന്റോൺമെന്റ് ഹൗസ് കോംപ്ലക്സ്*

ഇണ്ടാസ് നമ്പർ. ഇബി3/11106/2014/എച്ച്.ആർ.ഡി (1) തീയതി: 06.09.2018

പകർപ്പ് എല്ലാ സ്ഥാപനമേധാവികളുടെയും അറിവിലേയ്ക്കായും തുടർനടപടികൾക്കും അനുവർത്തനത്തിനുമായും നൽകുന്നു.

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഡയറക്ടർ